## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2240** **09.12.2014-ൽ മറുപടിയ്ക്ക്**

# വൈദ്യുതി ബോർഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി ബോർഡ് നിലവിൽ ബോർഡ് ആയാണോ അതോ കമ്പനി ആയാണോ പ്രവർത്തിക്കുന്നത് - വ്യക്തമാക്കാമോ ; കമ്പനി ആക്കിയിട്ടുണ്ടെങ്കിൽ ഉത്തരവ് തീയതി ; ഏതൊക്കെ ഭാഗങ്ങളായാണ് ബോർഡ് വിഭജിച്ചിട്ടുള്ളത് എന്നിവ വ്യക്തമാക്കുമോ ; | (എ) 2003-ലെ കേന്ദ്ര വൈദ്യുതി നിയമത്തിന്റെ വ്യവസ്ഥകൾ അനുസരിച്ച് 25.09.2008-ലെ ഉത്തരവിലൂടെ സർക്കാരിൽ നിക്ഷിപ്തമാക്കിയിരുന്ന മുൻ സംസ്ഥാന വൈദ്യുതി ബോർഡിന്റെ ആസ്തി-ബാധ്യതകളെല്ലാം 31.10.2013-ലെ (പി) നം. 46/2013/ഊ. വ ഉത്തരവു പ്രകാരം "കേരള ഇലക്ട്രിസിറ്റി സെക്കന്റ് ട്രാൻസ്ഫർ സ്കീം (റീവെസ്റ്റിംഗ്), 2013" എന്ന വിജ്ഞാപനത്തിലൂടെ, 14-01-2011-ൽ രൂപീകൃതമായ 'കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ' എന്ന പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള ഒറ്റ കമ്പനിയിലേക്ക് കേരള സർക്കാർ കൈമാറ്റം ചെയ്യുകയുണ്ടായി. 1948-ലെ ഇലക്ട്രിസിറ്റി സപ്ലൈ ആക്ട് അനുസരിച്ച് പ്രവർത്തിച്ചിരുന്ന സംസ്ഥാന വൈദ്യുതി ബോർഡ് നിലവിലില്ല. 'കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ' എന്ന കമ്പനിയിൽ ഉൽപ്പാദനം, വിതരണം, പ്രസരണം എന്നീ മൂന്ന് സ്ട്രാറ്റജിക് ബിസിനസ് യൂണിറ്റുകളായി പ്രവർത്തിക്കുന്നതിന് സെക്കന്റ് ട്രാൻസ്ഫർ സ്കീം നിർദ്ദേശിക്കുന്നു. സംസ്ഥാന വൈദ്യുതി ബോർഡിനെ വിഭജിച്ചിട്ടില്ല. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതിയ ഏതെങ്കിലും വൈദ്യുത പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം (2011 മുതൽ 2014 ഒക്ടോബർ വരെയുള്ള കാലയളവിൽ) പൂർത്തിയാക്കിയ വൈദ്യുതപദ്ധതികൾ താഴെപ്പറയുന്നു. |

| നമ്പർ | സ്റ്റേഷന്റെ പേര് | സ്ഥാപിത ശേഷി MW | വാർഷിക ഉല്പാദന ശേഷി MU |
|---|---|---|---|
| 1 | റാന്നി-പെരുനാട് ചെറുകിട ജല വൈദ്യുതപദ്ധതി | 4 | 16.73 |
| 2 | ഇരുട്ടുക്കാനം സ്റ്റേജ് II ചെറുകിട ജലവൈദ്യുതപദ്ധതി (IPP) | 1.5 | 3.94 |

| | | | |
|---|---|---|---|
| 3 | പീച്ചി ചെറുകിട ജലവൈദ്യുതപദ്ധതി | 1.25 | 3.21 |
| 4 | പാമ്പുംകയം (മാങ്കുളം) മിനി ജലവൈദ്യുതപദ്ധതി (IPP) | 0.11 | 0.29 |
| 5 | കാരിക്കയം ചെറുകിട ജലവൈദ്യുത പദ്ധതി (IPP) | 10.5 | 27.6 |
| 6 | അഗളി വിന്റ് ഫാം (IPP) | 1.2 | 2.3 |
| 7 | മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതി (IPP) | 3 | 8.37 |
| 8 | വിലങ്ങാട് ചെറുകിട ജലവൈദ്യുത പദ്ധതി | 7.5 | 22.63 |
| 9 | പൊരിങ്ങൽകുത്ത് (പുനരുദ്ധാരണം) | 2 | |
| 10 | ശബരിഗിരി (പുനരുദ്ധാരണം) | 5 | |
| | **ആകെ** | **36.06** | **85.07** |

(സി) നിലവിൽ വൈദ്യുതി ബോർഡ് ലാഭത്തിലാണോ പ്രവർത്തിക്കുന്നതെന്നു അറിയിക്കുമോ ?

(സി) 2013-14 സാമ്പത്തികവർഷത്തെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല. 2012-13 സാമ്പത്തികവർഷത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ച കണക്കുപ്രകാരം ബോർഡ് നഷ്ടത്തിലാണ്. കേന്ദ്ര റഗുലേറ്ററി കമ്മീഷൻ അനുശാസിക്കുന്ന ലാഭം കാണിക്കേണ്ടതിൽ വന്ന കുറവും ബോർഡിന്റെ നഷ്ടവും ഉൾപ്പെടുത്തി 3998.90 കോടി രൂപ 2012-13-ൽ റഗുലേറ്ററി റവന്യൂ ഗ്യാപ്പ് ഉണ്ടായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ.**